ഭരണഭാഷ - മാതൃഭാഷ

<u>നം.10591/2019-F3-Try</u>

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 25/11/2021

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/ സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി സേവിങ്സ് ബാങ്ക്-കെ.എസ്.എഫ്.ഇ-യുടെ ടി.പി. അക്കൗണ്ടുകൾ ടി.എസ്.ബി(ഇൻസ്റ്റിട്യൂഷൻ) അക്കൗണ്ടിലേക്ക് മാറ്റുന്നത് -സംബന്ധിച്ച്.

സൂചന : സർക്കാരിന്റെ 11.11.2021-ലെ 1592961/എസ്.എൽ.-3/81/2020 നമ്പർ കത്ത്.

വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. കെ.എസ്.എഫ്.ഇ-യുടെ നിലവിലുള്ള എല്ലാ ടി .പി. അക്കൗണ്ടുകളും ക്ലോസ് ചെയ്തു പലിശ സഹിത ടി.എസ്.ബി.(ഇൻസ്റ്റിട്യൂഷൻ) അക്കൗണ്ടുകളാക്കി മാറ്റുവാൻ സൂചന പ്രകാരം നിർദേശിച്ചിരിക്കുന്നു.

കെ.എസ്.എഫ്.ഇ-യുടെ ബന്ധപ്പെട്ട ശാഖയുടെ അപേക്ഷയിന്മേൽ ടി.പി. അക്കൗണ്ടുകൾ ക്ലോസ് ചെയ്തു പലിശ ഉൾപ്പെടെയുള്ള നീക്കിയിരുപ്പ് തുക , വിത്ത്ഡ്രോവൽ സ്ലിപ് ഉപയോഗിച്ച് പിൻവലിച്ച്, പ്രസ്തുത സ്ഥാപനത്തിന്റെ പേരിൽ പുതുതായി തുടങ്ങുന്ന ടി .എസ്.ബി.(ഇൻസ്റ്റിട്യൂഷൻ) അക്കൗണ്ടിലേക്ക് മാറ്റുവാനുള്ള നടപടികൾ ട്രഷറി ഓഫീസർമാർ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ടി.പി. അക്കൗണ്ടുകളിൽ നിന്നും തുക പിൻവലിക്കുന്നതിന് ഓൺലൈൻ സബ്മിഷൻ ഒഴിവാക്കിയിട്ടുള്ളതും വിത്ത്ഡ്രോവൽ സ്ലിപ് ഉപയോഗിച്ച് തുക പിൻവലിക്കുന്നതിന് അടുത്ത ഒരാഴ്ച വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ വൈകിട്ട് 3 മണി മുതൽ കോർ ടി.എസ്. ബി-യിൽ സൗകര്യം ചെയ്തു നൽകുന്നതുമാണ്. കെ.എസ്.എഫ്.ഇ-യുടെ ബന്ധപ്പെട്ട ശാഖയ്ക്ക് **ഒന്നിൽ കൂടുതൽ** ടി.പി. അക്കൗണ്ടുകൾ നിലവിലുണ്ടെങ്കിൽ സ്ഥാപനത്തിന്റെ **അപേക്ഷപ്രകാരം** ടി അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുക ഒരു ടി.എസ്.ബി.(ഇൻസ്റ്റിട്യൂഷൻ) അക്കൗണ്ടിലേക്ക് മാറ്റി നൽകാവുന്നതാണ്.

കൂടാതെ, ടി.പി. അക്കൗണ്ടുകൾ ടി.എസ്.ബി.(ഇൻസ്റ്റിട്യൂഷൻ) അക്കൗണ്ടുകളാക്കി മാറ്റിയതിനുശേഷം ടി സ്ഥാപനത്തിന്റെ സ്ഥിരനിക്ഷേപങ്ങളുടെ പലിശ വരവ് വയ്ക്കുന്നത് പുതിയതായി തുടങ്ങിയ ടി.എസ്.ബി.(ഇൻസ്റ്റിട്യൂഷൻ) അക്കൗണ്ടിലേക്കാണെന്ന് ട്രഷറി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ച പ്രകാരം കെ.എസ്.എഫ്.ഇ-യുടെ ബന്ധപ്പെട്ട ശാഖയുടെ എല്ലാ ടി.പി. അക്കൗണ്ടുകളും ക്ലോസ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും, ക്ലോസ് ചെയ്തതും പകരം പുതിയതായി തുടങ്ങിയിട്ടുള്ള അക്കൗണ്ടുകളെ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർത്തിട്ടുള്ള മാതൃകയിൽ ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർമാർ cru.fsec.treasury@kerala.gov.in എന്ന മെയിൽ ഐ.ഡി-യിൽ 10/12/2021-ന് മുൻപായി ലഭ്യമാക്കേണ്ടതാണ്.

**File No.TRY/10591/2019-F3**

| ക്രമ നമ്പർ | ട്രഷറിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ക്ലോസ് ചെയ്ത ടി.പി. അക്കൗണ്ട് നമ്പർ | പുതുതായി തുടങ്ങിയ ടി.എസ്.ബി. അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| | ജില്ലാ ട്രഷറി | | | |
| | സബ് ട്രഷറി | | | |
| | | | | |

വിശ്വസ്തതയോടെ

**A M JAFAR**
**DIRECTOR**

അംഗീകാരത്തോടുകൂടി

സീനിയർ സൂപ്രണ്ട്

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229